## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2160

17.02.2016-ൽ
മറുപടിയ്ക്ക്

## ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ . സെൽവരാജ്<br>ശ്രീ.എം.എ. വാഹീദ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ തലത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ. ഭക്ഷ്യ സംസ്കരണ മേഖലയുടെ വളർച്ചയും വികസനവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിൽ ഉള്ള കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ മൂല്യവർദ്ധന, മികച്ച വില ലഭ്യമാക്കുക, ഉല്പന്നങ്ങൾ കേടാകുന്നത് തടയുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക കൂടാതെ ഉപഭോക്താവിന് ഗുണമേൻമയുള്ള ഭക്ഷ്യ ഉല്പന്നങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.<br>കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം രൂപീകരിച്ച ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ അനുസരിച്ച് സംസ്ഥാനത്ത് സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ ഏപ്രിൽ 2012-ൽ നിലവിൽ വന്നു. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിലെ ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75% വും സംസ്ഥാന വിഹിതം 25% വുമാണ്. |
| സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) | കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് സാമ്പത്തിക |

| | | | |
|---|---|---|---|
| | | | സഹായത്തിന്റെ കേന്ദ്ര വിഹിതം 75% വും സംസ്ഥാന വിഹിതം 25% വുമാണ്. ഈ പദ്ധതി പ്രകാരം National Mission on Food Processing (NMFP) നായി 2012-13 ൽ കേന്ദ്ര വിഹിതമായി 3.54 കോടി രൂപയും പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1.12 കോടി രൂപയും അനുവദിച്ചു. 2013-14-ൽ കേന്ദ്ര വിഹിതമായി 2.22 കോടി രൂപ കേരളത്തിന് ലഭിച്ചു. 2014-15 - ന് കേന്ദ്ര വിഹിതമായി 36.14 ലക്ഷം രൂപയും സംസ്ഥാനത്തിന് ലഭിച്ചു. ഇപ്രകാരം ലഭിച്ച കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ചേർന്ന് ലഭിച്ച തുകയിൽ 9.87 കോടി രൂപ ഭക്ഷ്യ സംസ്കരണ മേഖലയുടെ വികസത്തിനായി സംസ്ഥാനത്ത് 23 ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കും 24 സംരംഭകത്വ വികസന പരിപാടികൾക്കും ഇതുമായി ബന്ധപ്പെട്ട് ഒരു പ്രോത്സാഹന പരിപാടിക്കും അനുവദിക്കുകയുണ്ടായി. മേൽപ്പറഞ്ഞ വ്യവസായ സംരംഭങ്ങളിൽ നേരിട്ട് 780 പേർക്കും പരോക്ഷമായി 1196 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്. സംരംഭകത്വ വികസന പദ്ധതികൾ വഴി 734 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ 2014-15 ഓടെ കേന്ദ്ര സർക്കാർ പദ്ധതിക്കുള്ള സഹായം നിർത്തലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**